milma

# Malabar Regional Co-operative Milk Producers' Union Ltd.

Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

No: MRU: P&I: 301: 764 27.02.2025

**സർക്കുലർ 1036/2025**

**വിഷയം :** **കാലിത്തീറ്റ ഡിസ്കൗണ്ട് 2025 മാർച്ച് മാസത്തിൽ നൽകുന്നത് സംബന്ധിച്ച്.**

**സൂചന :** **കെ.സി.എം.എം.എഫ്. മാനേജിംഗ് ഡയറക്ടറുടെ 25.02.2025 തിയ്യതിയിലെ KCMMF/HO/Purchase/58/CFPG/2025/3044 നമ്പർ കത്ത്.**

കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോഗ്രാം ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി 10.09.2024 മുതൽ 31.03.2025 തിയ്യതി വരെ നൽകുന്ന പദ്ധതിയുണ്ടായിരുന്നു. പ്രസ്തുത സബ്സിഡി, ഫെഡറേഷന്റെ 376-ാമത് ഭരണസമിതിയോഗ തീരുമാന പ്രകാരം **01.03.2025 മുതൽ 31.03.2025 തീയ്യതിവരെ 100 രൂപ സബ്സിഡി എന്നത് 300 രൂപയാക്കി ഉയർത്തിയ വിവരം** സൂചന കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

മേഖലാ യൂണിയന്റെ 04.11.2024 തീയ്യതിയിലെ സർക്കുലർ നമ്പർ 1014/2024 പ്രകാരം മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ 50 കിലോ ചാക്ക് ഒന്നിന് 150 രൂപ വീതം 2024 നവംബർ മാസം 1 മുതൽ 2025 മാർച്ച് 31 വരെ നൽകുന്നതായി അറിയിച്ചിരുന്നു. എന്നാൽ 01.03.2025 തീയ്യതി മുതൽ 31.03.2025 തീയ്യതി വരെ ഇൻവോയ്സ് ചെയ്യുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയുടെ സബ്സിഡി തുക ഫെഡറേഷൻ 100 രൂപയിൽ നിന്നും 300 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ മേഖലാ യൂണിയൻ സബ്സിഡി 2025 ഫെബ്രുവരി 28-ാം തീയ്യതി വരെ ആക്കി നിജപ്പെടുത്തിയിരിക്കുന്നു.

ആയത് പ്രകാരം 2025 മാർച്ച് മാസത്തിൽ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്ക് ഒന്നിന് ഡിസ്കൗണ്ട് / സബ്സിഡിയായി 300 രൂപ അനുവദിച്ച് നൽകുന്നതാണ്. ഇപ്രകാരം സബ്സിഡി അനുവദിച്ച് നൽകുമ്പോൾ 2019 ഏപ്രിൽ മാസത്തിൽ ക്ഷീര സംഘങ്ങൾക്ക് അനുവദിച്ച 1124 രൂപയിലും കുറവ് വന്ന് **1115 രൂപയ്ക്ക് 2025 മാർച്ച് മാസത്തിൽ സംഘങ്ങൾക്ക്** കാലിത്തീറ്റ ലഭ്യമാകുന്നതാണ്.

**ജെയിംസ് കെ.സി**
**മാനേജിംഗ് ഡയറക്ടർ**

മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ്- ജനറൽ മാനേജർ
ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
സീനിയർ മാനേജർ, കോഴിക്കോട്/പാലക്കാട് ഡെയറി
എല്ലാ ഡെയറി മാനേജർമാർക്കും
സി.ഇ.ഒ, എം.ആർ.ഡി.എഫ്
മാനേജർ, എം.പി.എഫ് പ്രൊജക്ട്
ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ/പി&ഐ സബ് യൂണിറ്റ് മേധാവികൾ
പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
www.mrcmpu.com/E-Stock Files

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. D 89 (D) H.O. Calicut

Website: www.malabarmilma.com • E-mail: mrcmpu@malabarmilma.coop • Toll Free No: 1800 889 0230 • Phone: 0495 - 2800612
MRCMPU Head Office - GST:32AAAAM1011G2ZH • PAN : AAAAM1011G
DAIRIES at: • Palakkad • Kozhikode • Kannur • Kasaragod • Wayanad • North Beypore (CPD)